പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2428 — 07/10/2016 ൽ മറുപടിക്ക്

## അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. കൃഷ്ണൻകുട്ടി: | ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ്മാരുടെ യോഗ്യത കാർഷിക ഡിപ്ളോമ/തത്തുല്യം, ഇവയുടെ അഭാവത്തിൽ മാത്രം വി.എച്ച്.എസ്.സി/കെ.ജി.ടി.ഇ എന്ന മാനദണ്ഡം എന്തടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത് ; | (എ) സർക്കാർ ഉത്തരവ് (കൈ) നം.312/75/കൃഷി തീയതി 16.10.1975 കൃഷി (എസ്റ്റാ )വകുപ്പ്,സർക്കാർ ഉത്തരവ് (കൈ)നം.38/1983/കൃഷി തീയതി 19.02.1983 കൃഷി (എസ്റ്റാ)വകുപ്പ്, സർക്കാർ ഉത്തരവ് (കൈ) നം.7/90/കൃഷി തീയതി 08.01.1990 കൃഷി (എസ്റ്റാ ) വകുപ്പ്, സർക്കാർ ഉത്തരവ് (കൈ) നം. 35/1995/കൃഷി തീയതി 13.02.1995 കൃഷി (എസ്റ്റാ) വകുപ്പ് എന്നീ ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് കൃഷി അസിസ്റ്റന്റുമാരുടെ യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്. |
| ബി) നിലവിൽ വൊക്കേഷണൽ ഹയർസെക്കന്ററി (വി.എച്ച്.എസ്.സി-അഗ്രി) പാസായ ഉദ്യോഗാർത്ഥികളെ ഡിപ്ളോമ പാസായവർക്ക് തുല്യമായി പരിഗണിക്കുന്നതിന് എന്തൊക്കെ പോരായ്മകളാണുള്ളത് വ്യക്തമാക്കുമോ; വൊക്കേഷണൽ ഹയർസെക്കന്ററി പാസായ ഉദ്യോഗാർത്ഥികളെയും കാർഷിക ഡിപ്ളോമ യോഗ്യതയുള്ളവരെയും തുല്യ പരിഗണന നൽകി അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കുന്നതിന് എന്തൊക്കെ നിയമ നിർമ്മാണങ്ങൾ ആവശ്യമുണ്ട്; വെളിപ്പെടുത്തുമോ; | (ബി) വൊക്കേഷണൽ ഹയർ സെക്കന്ററി പാസായ ഉദ്യോഗാർത്ഥികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ ഏകീകൃതറാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത യോഗ്യത മാനദണ്ഡമായി തീരുമാനിച്ചതുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള കേസുകളുടെയും കോടതി ഉത്തരവുകളുടെയും ലിസ്റ്റും രേഖകളും ലഭ്യമാക്കാമോ? | സി) | കേസുകളും കോടതി ഉത്തരവുകളും നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ